സാഹിത്യവാരഫലം

2001/12/21 (സമകാലികമലയാളം)

എം. കൃഷ്ണൻ നായർ

Copyright © 2014-2020, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

2001/12/21-ൽ സമകാലികമലയാളം വാരികയിൽ പ്രസിദ്ധീകരിച്ചത്.

ജെയിംസ് ബൊൾഡ്വിൻ

അമേരിക്കയിലെ ജെയിംസ് ബൊൾഡ്വിൻ (James Baldwin, 1924–1987) നോവലിസ്റ്റും നാടക കർത്താവുമാണ്. അദ്ദേഹത്തിന്റെ ‘Giovanni’s Room’ എന്ന നോവലിൽ പ്രധാന കഥാപാത്രം ഭാര്യയോടുള്ള വെറുപ്പ് ഇങ്ങനെയാണ് വ്യക്തമാക്കുന്നത്. അവൾ അയാൾക്ക് ആഹാരം വിളമ്പാൻ ചരിയുമ്പോൾ മുലയുടെ അറ്റം അയാളുടെ കൈത്തണ്ടിൽ മൃദുലമായി സ്പർശിക്കുന്നു. അതോടെ അയാളുടെ മാംസപേശികൾ പിൻവലിയുന്നു. അവളുടെ അടിയുടുപ്പുകൾ കുളിമുറിയിൽ ഉണങ്ങാൻ ഇട്ടതു കണ്ടപ്പോഴും അയാൾക്കു ജുഗുപ്സ. അവൾ നഗ്നയായി നടക്കുന്നത് അയാൾ ചിലപ്പോൾ കണ്ടിട്ടുണ്ട്. അതു കാണുമ്പോഴൊക്കെ അയാളുടെ വിചാരം ആ ശരീരം ഉറച്ചതായിരുന്നെങ്കിൽ, കാഠിന്യമാർന്നതായിരുന്നെങ്കിൽ എന്നായിരിക്കും. അവളുടെ മുലകൾ അയാളെ ഭീഷണിപ്പെടുത്തി. അവളുമായി ചേരുമ്പോൾ അയാൾക്കു തോന്നലുണ്ടാകും ജീവനോടെ താൻ അവളിൽ നിന്നു വേർപെട്ടു പോരുകയില്ലെന്ന്. ഒരിക്കൽ അയാളെ ആഹ്ലാദിപ്പിച്ചതൊക്കെ ഇന്നു വെറുപ്പ് ഉണ്ടാക്കുന്നു.

പുരുഷന്റെ അഭിലാഷത്തെ ഉദ്ദീപിപ്പിക്കുന്നതാണ് സ്ത്രീയുടെ ശരീരം. വിശേഷിച്ചും അവളുടെ നഗ്നത. അതുപോലും അയാൾക്ക് അറപ്പും വെറുപ്പും ജനിപ്പിക്കുന്നു. ഇതു ഏറിയകൂറും ദാമ്പത്യജീവിതത്തിന്റെ അതിപരിചയം കൊണ്ടുണ്ടാകുന്നതാണ്. എന്നാൽ ഇന്നത്തെ ഭാര്യ അന്നത്തെ കാമുകിയായിരുന്നപ്പോഴോ? കാമോത്സുകതയുടെ ഉടലെടുത്ത രൂപമായി അയാൾ പ്രത്യക്ഷനാകും. അപ്പോൾ അയാൾക്കു ഒരുദ്ദേശ്യമേയുള്ളൂ.

സ്വാഭാവികമായ സ്ത്രീത്വത്തെ പുറന്തള്ളി സിംഹിയാണെന്നു ഭാവിച്ചാൽ കറെക്കാലം കഴിയുമ്പോൾ സിംഹിയുടെ മുഖഭാവം വരും. അരുന്ധതി റോയി സൂക്ഷിക്കട്ടെ.

“The final aim of eroticism is fusion, all barriers gone, but its first stirrings are characterised by the presence of a desirable object” (Georges Bataille, Eroticism, Penguin Books, Pages 129, 130). എത്ര വേഗത്തിലാണ് അഭിലാഷം ഉളവാക്കുന്ന തരുണി മടുപ്പ് ജനിപ്പിക്കുന്നവളായി മാറുന്നത്! ‘ഒന്നും പ്രതിഫലം വേണ്ടെനിക്കാ മഞ്ജുമന്ദസ്മിതം കണ്ടു കൺകുളിർത്താൽ മതി’ എന്ന് കവിയും ‘ഈ ലോകത്തു വച്ച് ഏറ്റവും മനോഹരമായത് സ്ത്രീയുടെ ചിരിയാണ്’ എന്ന് ഫ്രഞ്ച് സാഹിത്യകാരൻ സങ്‌തേഗ്‌സ്യൂപേരിയും (Saint-Exupery, 1900–1944) പറഞ്ഞത് തീർച്ചയായും ഭാര്യയെക്കുറിച്ചാവില്ല. ചെറുപ്പക്കാരിയായ കാമുകിയുടെ ചിരിയെക്കുറിച്ചു തന്നെയാണ്. ഈ മഞ്ജുമന്ദസ്മിതത്തിന്റെ മഹാദ്ഭുതമാണ് ലിയോ നർദോ ദ വിൻചിയുടെ (Leonardo da Vinci, 1452–1519) ‘മോന ലീസ്സ’ (Mona Lisa) എന്ന ചിത്രത്തിലുള്ളത്. മോന ലീസ്സാ എന്ന പേരിനു പകരമായി ‘ലാ ജോകൊൻദ’ (La Gioconda) എന്നും ആ ചിത്രത്തിനു പേരുണ്ട്.

ഇറ്റലിയിലെ ചിത്രകാരനും വാസ്തുശില്പ വിദഗ്ദ്ധനും കലാചരിത്രകാരനുമായിരുന്ന ജോർജോ വാസ്സാരിയുടെ (Giorgio Vasari, 1511–1574) ‘Lives of the Artists’ എന്ന പുസ്തകത്തിന്റെ ഒന്നാം ഭാഗം ഞാൻ വായിച്ചിട്ടുണ്ട്. അതിൽ ഈ ചിത്രത്തെ വാസ്സാരി പ്രശംസിക്കുന്നതു കേട്ടാലും: “The eyes had their natural lustre and moistness, and around them were the lashes and all those rosy and pearly tinty that demand the greatest delicacy of execution… The mouth, jointed to the flesh—tints of the face by the red of the lips, appeared to be living flesh rather than paint. On looking closely at the pit of her throat one could swear that the pulses were beating… while he was painting Mona Lisa. Who was a very beautiful woman, he employed singers and musicians or jesters to keep her full of merriment and so chase away the melancholy that painters usually give to portraits. As a result, in this painting of Leonardo’s there was a smile so pleasing that it seemed divine rather than human” (Lives of Artists, Giorgio Vasari, Vol I, Penguin, pp. 266, 267).

ദവിൻചി മരിക്കുമ്പോൾ വാസ്സാരിക്ക് എട്ടു വയസ്സ്. അതിനാൽ ചിത്രത്തിന്റെ നവീനത നഷ്ടപ്പെടാതെതന്നെ വാസ്സാരി അതു കണ്ടു. അദ്ദേഹത്തിന്റെ ഈ വർണ്ണനയ്ക്ക് അക്കാരണത്താൽ വിശ്വാസ്യതയേറും. ലൗകികത്വമുള്ള എന്നാൽ ദുർജ്ഞേയമായ മന്ദസ്മിതമാണ് മോന ലീസ്സയുടേത്. അത്രകണ്ടു സുന്ദരിയല്ല അവൾ.

പക്ഷേ, ആ മന്ദസ്മിതമുണ്ടല്ലോ അത് അന്യാദൃശമാണ്, നിരുപമമാണ്. ദ വിൻചിയുടെ കാലത്തു ജീവിച്ച വാസ്സാരി മാത്രമല്ല ഇരുപതാം ശതാബ്ദത്തിലെ പ്രമുഖ ചരിത്രകാരനും തത്ത്വചിന്തകനുമായ വിൽ ഡ്യൂറന്റ് (Will Durant, 1885–1981) പോലും ഹർഷാതിരേകത്തോടെ എഴുതുന്നു: What is she smiling at? The efforts of the musicians to entertain her? The leisurely diligence of an artist who paints her through a Thousand days and never makes an end? Or is it not just Mona Lisa smiling but all women, saying to all men: ‘poor impassioned lovers! A nature blindly commanding continuance burns your nerves with an absurd hunger for our flesh, softens your brains with a quite unreasonable idealization of our charms, lifts you to lyrics that subside with consummation-and all that you may be precipitated into parentage!’



സങ്‌തേഗ്‌സ്യൂപേരി

വിൽ ഡ്യൂറന്റ് 1981-ൽ തൊണ്ണൂറ്റിആറാമത്തെ വയസ്സിൽ മരിച്ചു. ഭാര്യ നേരത്തെ മരിച്ചത് അദ്ദേഹത്തെ അറിയിക്കാതെ വച്ചിരിക്കുകയായിരുന്നു. പക്ഷേ, റേഡിയോയിൽ നിന്നോ മറ്റോ അതു ഗ്രഹിച്ചയുടനെ അദ്ദേഹത്തിന്റെ ഹൃദയം നിശ്ചലമായി. The story of civilization (11 ഭാഗങ്ങൾ) എന്ന അതിമനോഹരമായ ഗ്രന്ഥത്തിന്റെ പ്രസാധനത്തോടുകൂടി രാഷ്ട്രാന്തരീയ പ്രശസ്തി നേടിയ ഡ്യൂറന്റിന്റെ അവസാനത്തെ പുസ്തകമായ ‘Heroes of History’ എന്നതിൽ നിന്നാണ് മുകളിലെഴുതിയ ഭാഗം ഞാൻ ഉദ്ധരിച്ചത്. അദ്ദേഹത്തിന്റെ ചരമത്തിനു ശേഷം ഇരുപതു കൊല്ലം കഴിഞ്ഞിട്ടാണ് ഇപ്പുസ്തകത്തിന്റെ കൈയെഴുത്തുപ്രതി കണ്ടുകിട്ടിയത്. അത് ന്യൂയോർക്കിലെ Simon Schuster പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു (348 പുറങ്ങൾ, വില 27.50, 22.00, പ്രസാധന വർഷം 2001). ഈ ഗ്രന്ഥത്തിന്റെ പ്രസാധനം ഒരു major event ആയി നിരൂപകർ പരിഗണിക്കുന്നു.

രാഷ്ട്രത്തിന്റെ സമുന്നതമായ സാംസ്കാരികനേട്ടം ഭാഷയാണെങ്കിൽ വിൽ ഡ്യൂറന്റിന്റെ The Story of Civilization ആ രീതിയിലുള്ള നേട്ടമാണ്. സുന്ദരമായ ഇംഗ്ലീഷ് ഭാഷയിൽ അദ്ദേഹം ചരിത്രസംഭവങ്ങളെയും മഹാവ്യക്തികളെയും വർണ്ണിക്കുന്നു. മൂല്യനിർണ്ണയത്തിൽ അദ്ദേഹത്തെ അതിശയിച്ച വേറൊരു ചരിത്രകാരനില്ല. ദുർഗ്രഹമായ തത്ത്വചിന്തകളെ ലളിതമായി, അസങ്കീർണ്ണമായി ഡ്യൂറന്റ് ആവിഷ്കരിക്കുന്നത് കാണേണ്ട കാഴ്ചയാണ്. The Story of Civilization എന്ന ഗ്രന്ഥപരമ്പരയുടെ ഈ സവിശേഷതകളെല്ലാം ഈ ചെറിയ പുസ്തകത്തിലുമുണ്ട്. ചെറുതു സുന്ദരമെന്നു പറയുന്നത് ഈ ഗ്രന്ഥത്തിനു ചേരും. വലുതു സുന്ദരമെന്നത് പതിനൊന്നു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തിയ The Story of Civilization എന്ന പുസ്തകത്തിനും ചേരും. മഹാഗ്രന്ഥവും മഹദ്ഗ്രന്ഥവുമാണത്. (മഹാ ഗ്രന്ഥം = വലിയ ഗ്രന്ഥം; മഹദ്ഗ്രന്ഥം = മഹാന്റെ ഗ്രന്ഥം).

What is civilization എന്ന അദ്ധ്യായത്തോടെ പുസ്തകം തുടങ്ങുന്നു. പ്രാചീന കാലയളവുതൊട്ട് നവീനയുഗത്തിന്റെ ഉദയംവരെയുള്ള സംസ്കാരത്തിന്റെ ചരിത്രം. ഈ ചരിത്ര പ്രതിപാദനത്തിൽ കങ് ചീയു (K’ung Ch’iu, കൻഫ്യൂഷെസ് Confucius എന്ന് ലാറ്റിൻ രൂപം BC 551–479), ബുദ്ധൻ, പെരിക്ലിസ്, പ്ലേറ്റോ, അലിഗ്സാണ്ടർ, നീറോ, ഒറീലിയസ്, ക്രിസ്തു, ദ വിൻചി, ഷെയ്ക്സ്പിയർ, ബേക്കൺ ഇവർ തത്ത്വചിന്തയുടെയും കലയുടെയും പ്രകാശം പ്രസരിപ്പിച്ച് പ്രത്യക്ഷരാകുന്നു. ഇവരുടെ കൂട്ടത്തിൽ ഇന്ദിരാ ഗാന്ധിയുമുണ്ട്. പിരമിഡുകൾ, ഏതൻസിന്റെ സുവർണ്ണയുഗം, റോമൻ വിപ്ലവം, നവോത്ഥാനം, റെഫർമേഷൻ ഇവയൊക്കെ ഡ്യൂറന്റ് ഉദാത്തമായ രീതിയിൽ പ്രതിപാദിക്കുന്നു.

നിത്യ ജീവിതത്തിലും ചലച്ചിത്രത്തിലും അഭിനയിക്കാൻ സ്ത്രീകൾക്കു പ്രാഗല്ഭ്യമേറും.

പല വ്യക്തികളെക്കുറിച്ചും നമുക്ക് അറിയാൻ പാടില്ലാത്ത കാര്യങ്ങൾ ഡ്യൂറന്റ് പറഞ്ഞു തരുന്നു. സീസർ മുന്നറിയിപ്പുകൾ വകവയ്ക്കാതെ തീയേറ്ററിൽ വന്നിരുന്നപ്പോൾ കൊലപാതകികൾ അദ്ദേഹത്തിന്റെ മേൽ ചാടിവീണു. ബ്രൂട്ടസ് കഠാരയുമായി അദ്ദേഹത്തെ കുത്താൻ എത്തിയപ്പോൾ സീസർ ഗ്രീക്കിൽ ചോദിച്ചു പോലും. “Kai Suteknon” “You too my child?” സീസറിനു ബ്രൂട്ടസിന്റെ അമ്മയുമായി ലൈംഗിക ബന്ധമുണ്ടായിരുന്നെന്നും ബ്രൂട്ടസ് തന്റെ മകൻ തന്നെയെന്ന് സീസർ കരുതിയിരുന്നെന്നും ഡ്യൂറന്റ് ഒരു ചരിത്രകാരന്റെ പ്രസ്താവമെടുത്തു കാണിച്ച് നമ്മളെ ഗ്രഹിപ്പിക്കുന്നു. അച്ഛനാണെങ്കിലും രാജ്യദ്രോഹിയെ സഹിക്കരുത് ആരുമെന്നു ബ്രൂട്ടസ് ഒരു സുഹൃത്തിന് എഴുതി അയച്ചുവെന്നും ഡ്യൂറന്റ് ആ രഹസ്യമായ പിതാപുത്രബന്ധത്തിന് സ്ഥിരീകരണം നല്കുന്നു. ഇങ്ങനെ പലതും. രസപ്രദമായ ഗ്രന്ഥമാണ് ഡ്യൂറന്റിന്റെ Heroes of History.

ആർക്കമീഡീസ് പറഞ്ഞത്

ആർക്കമീഡീസ് എന്ന ഗ്രീക്ക് ഗണിതശാസ്ത്രജ്ഞൻ (Archimedes, BC 287–212) പറഞ്ഞു: ‘ദൈർഘ്യമുള്ള ഒരു ലീവർ, (ദ്രഢദണ്ഡ്) ശക്തിയാർന്ന ഒരു ഊന്നുവടി (Prop) ഇവ എനിക്കു തരൂ. ഞാനൊറ്റയ്ക്കു ലോകത്തെ ചലിപ്പിച്ചു തരാം.’ രണ്ടായിരം കൊല്ലം കഴിഞ്ഞപ്പോൾ കോൺറഡ് എന്ന നോവലിസ്റ്റ് പറഞ്ഞു: ‘ആർക്കമീഡിസ്സിനെക്കുറിച്ച്, അദ്ദേഹത്തിന്റെ ലീവറിനെക്കുറിച്ച് എന്നോടു പറയരുത്. അദ്ദേഹം ഗണിതശാസ്ത്രപരമായ ഭാവനയുള്ള, ശ്രദ്ധയില്ലാത്ത ആളായിരുന്നു. ശരിയായ വാക്ക് എനിക്കു തരൂ. ഭാഷണവും എനിക്കു തരൂ. ഞാൻ ലോകത്തെ മാറ്റിത്തരാം.’ വി. പി. മനോഹരൻ എന്ന ആൾ വളരെക്കാലമായി പറയുന്നു. ‘ഉത്കൃഷ്ടമായ ഒരു വാരികയുടെ രണ്ടു പുറങ്ങളെങ്കിലും എനിക്കു തരൂ. കഥയെന്ന പേരിൽ അലവലാതിത്തരമെഴുതി ഞാൻ വായനക്കാരെ ഛർദ്ദിപ്പിച്ചു തരാം’ എന്റെ അഭിവന്ദ്യസുഹൃത്തും നല്ല ആളുമായ സിദ്ധാർത്ഥൻ പരുത്തിക്കാട് ഇതു കേട്ടുകേട്ട് ഗത്യന്തരമില്ലാതെ അദ്ദേഹം എഡിറ്റ് ചെയ്യുന്ന വാരികയുടെ മുപ്പത്തിയൊന്നും മുപ്പത്തിരണ്ടും പുറങ്ങൾ മനോഹരനു വിട്ടുകൊടുത്തു. ദേശാഭിമാനി വാരികയുടെ ആ രണ്ടു പുറങ്ങളും മലീമസമാക്കി മനോഹരൻ വിരാജിക്കുന്നു. ‘ശ്രീ കട്ടിച്ചാത്തൻ മായാസാഹിത്യപുരസ്കാരം’ എന്നു മനോഹരന്റെ രചനാവിശേഷത്തിന്റെ പേര്. ഇതു ചെറുകഥയാണത്രേ. ആണെങ്കിൽ ഞാൻ മഹാത്മാഗാന്ധിയാണ് (പ്രഫെസർ ഗുപ്തൻനായർ വേറൊരു കൃതിയെക്കുറിച്ചു പറഞ്ഞതിനോടു കടപ്പാട്).

ചോദ്യം, ഉത്തരം

അരുന്ധതി റോയിയെക്കുറിച്ച് എന്താണ് നിങ്ങളുടെ അഭിപ്രായം?

ചോദ്യം: ഉത്തരം: സിംഹിയാണെന്നു ഭാവിക്കുന്ന ശ്രീമതി. ഭാവിക്കലിന് തകരാറുണ്ട്. സ്വാഭാവികമായ സ്ത്രീത്വത്തെ പുറന്തള്ളി സിംഹിയാണെന്നു ഭാവിച്ചാൽ കുറെക്കാലം കഴിയുമ്പോൾ സിംഹിയുടെ മുഖഭാവം വരും. അരുന്ധതി റോയി സൂക്ഷിക്കട്ടെ. സ്ത്രീ lioness ആകുന്നത് എനിക്കിഷ്ടമല്ല.

ചോദ്യം: അഭിനയിക്കാൻ സാമർത്ഥ്യമുള്ളവർ സ്ത്രീകളോ പുരുഷന്മാരോ?

ഉത്തരം: നിത്യജീവിതത്തിലും ചലച്ചിത്രത്തിലും അഭിനയിക്കാൻ സ്ത്രീകൾക്കു പ്രാഗല്ഭ്യമേറും.

ചോദ്യം: സെക്സ് മാറുന്നത് സർവ്വസാധാരണമായിരിക്കുന്നല്ലോ സാറേ. എന്തു ചെയ്യണം?

ഉത്തരം: സ്ത്രീ, പുരുഷനായി മാറുന്നത് വല്ലപ്പോഴും സംഭവിക്കുന്നതല്ലേ? അത് സർവ്വസാധാരണമാണോ? എങ്കിലും സ്ത്രീകൾക്കു അധികാരമുള്ള ജോലി കൊടുത്താൽ അവരുടെ സെക്സ് മാറും.

ചോദ്യം: വള്ളത്തോളിന്റെ കവിതകളിലെ പ്രതിരൂപാത്മകത്വവും ജി. ശങ്കരക്കുറുപ്പിന്റെ കവിതകളിലെ പ്രതിരൂപാത്മകത്വവും താരതമ്യപ്പെടുത്താമോ?

ഉത്തരം: വള്ളത്തോൾ പ്രതിരൂപാത്മകത്വം കാവ്യങ്ങളിൽ കൊണ്ടുവരുമ്പോൾ അതു പ്രതിരൂപാത്മകത്വമാണെന്ന് വായനക്കാരനു തോന്നുകയില്ല. ശങ്കരക്കുറുപ്പ് അതനുഷ്ഠിക്കുമ്പോൾ കാവ്യങ്ങളിൽ പ്രതിരൂപങ്ങൾ പ്രാധാന്യമാർജ്ജിക്കും. അതിനാലാണ് അദ്ദേഹത്തിന്റെ കാവ്യങ്ങൾ പലപ്പോഴും കൃത്രിമങ്ങളാവുന്നത്. ചൊല്ലൊണ്ട ‘ഇന്നു ഞാൻ നാളെ നീ’ എന്ന കാവ്യത്തിലും കൃത്രിമത്വം ഏറെയുണ്ട്. വള്ളത്തോളിന്റെ ‘മഗ്ദലനമറിയം’ വായിക്കൂ. ഒരു ഭാഗത്തും കൃത്രിമത്വമില്ല.

ചോദ്യം: നിങ്ങൾ ശകാരിക്കുന്നതു സ്വീകരിച്ചു പുതിയ കവികളും പുതിയ നിരൂപകരും സാഹിത്യമുപേക്ഷിച്ചാൽ അവരുടെ അവസ്ഥ പിന്നീടെന്താവും?

ഉത്തരം: സർക്കാർ കോഴി വളർത്തലിനു പണം കടം കൊടുക്കും. കോഴിക്കൃഷി നടത്തട്ടെ അവർ. ദിവസന്തോറും മുട്ടകൾ കിട്ടും. ആ മുട്ടകൾ അവരുടെ രചനകളേക്കാൾ പ്രയോജനം ചെയ്യും.

ചോദ്യം: വിനയം വേണ്ടതല്ലേ സാഹിത്യകാരന്മാർക്ക്?

ഉത്തരം: വിനയം വേണം. പക്ഷേ, അതിരു കടന്ന വിനയം കള്ളമാണ്. ചിലപ്പോൾ മാനസികരോഗവും.

ചോദ്യം: സുന്ദരി നിലാവിൽ നിന്നാൽ?

ഉത്തരം: അവളുടെ സൗന്ദര്യം കൂടും. The night shows stars and women in a better light എന്ന് ഒരു ഇംഗ്ലീഷ് കവി പറഞ്ഞിട്ടുണ്ട്.

ട്വിസ്റ്റ്, ഷോക്ക്

ഭർത്താവിനാൽ നിർവ്യാജമായി സ്നേഹിക്കപ്പെടുന്ന സ്ത്രീ, മക്കളാൽ സത്യസന്ധമായി സ്നേഹിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യുന്ന സ്ത്രീ ഒരിക്കലും ഫെമിനിസ്റ്റായി മാറുകില്ല. ഭർത്താവിന്റെ ‘സോഷൽ പൊസിഷൻ’ അധമമാണെങ്കിലേ ഭാര്യ എന്നും വൈകിട്ട് മീറ്റിങ്ങിനു പോയി അർദ്ധരാത്രി വീട്ടിൽ തിരിച്ചെത്താൻ ധൈര്യപ്പെടൂ. കാമുകന്റെ പരസ്ത്രീഗമനം കണ്ടെത്താത്ത ഒരു കാമുകിയും അയാളോടു പിണങ്ങുകയില്ല. അച്ഛനമ്മമാർ സദാചാരതൽപരരായി ഇരിക്കുന്നിടത്തോളം കാലം ഒരു പെൺകുട്ടിയും കാമുകനോടുകൂടി ഒളിച്ചോടുകില്ല. അദ്ധ്യാപകന്റെ, അദ്ധ്യാപികയുടെ രചനയിലെ വ്യാകരണത്തെറ്റ് പ്രഗല്ഭനായ വിദ്യാർത്ഥി ചൂണ്ടിക്കാണിക്കുന്നതുവരെ അവർ അയാളെ വെറുക്കുകില്ല. കഥാരചനയുടെ പ്രാഥമിക പാഠങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ സതീഷ് ബാബു പയ്യന്നൂർ ‘മകൾ, മകൾ’ എന്ന കഥ എഴുതുമായിരുന്നില്ല (കഥ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ). മകൾ ഒളിച്ചോടുന്നു കാമുകനോടുകൂടി. അച്ഛനമ്മമാർ അതോടെ അവളെ മനസ്സിൽ നിന്നു പോലും നിഷ്കാസനം ചെയ്യുന്നു. വർഷങ്ങൾ കഴിഞ്ഞു. ഒളിച്ചോടിയ മകൾ അമ്മയെ ടെലിഫോണിൽ വിളിക്കുന്നു ആശുപത്രിയിൽ നിന്ന്. അമ്മ അവിടെ ചെല്ലുമ്പോൾ മകൾ അവളുടെ കുഞ്ഞുമായി ഇരിക്കുന്നു ബെഞ്ചിൽ. ഭർത്താവ് അവളെ ഉപേക്ഷിച്ചത്രേ. മകൾ കുഞ്ഞിനെ അമ്മയെ ഏല്പിച്ചിട്ട് (അമ്മൂമ്മയെ ഏല്പിച്ചിട്ട്) ആശുപത്രിയിൽ നിന്നും പോകുമ്പോൾ കഥ അവസാനിക്കുന്നു.

ജോർജോ വാസ്സാരി

കഥയ്ക്ക് അതിന്റേതായ ലോകമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അതിന് അതിന്റേതായ വിശ്വാസങ്ങളും നിയമങ്ങളുമുണ്ട്. നമ്മൾ ജീവിക്കുന്ന ലോകത്തിന്റെ വിശ്വാസങ്ങളിൽ നിന്ന്, നിയമങ്ങളിൽ നിന്ന് അതു വിഭിന്നമാണ്. അതും സമ്മതിച്ചു. എങ്കിലും വായനക്കാരനു വിശ്വാസമുണ്ടാകേണ്ടേ? പ്ലോട്ടിനു വേണ്ടിയാണ്, കഥയുടെ പര്യവസാനത്തിൽ വായനക്കാരനു ഷോക്കുണ്ടാക്കുന്നതിനു വേണ്ടിയാണ് സതീഷ് ബാബു കുഞ്ഞിനെ അതിന്റെ അമ്മൂമ്മയെ ഏല്പിച്ചിട്ട് നടന്നകലുന്ന താൽകാലിക വിധവയെ ചിത്രീകരിച്ചതെന്ന് ഏതൊരു സഹൃദയനും പറയും. കഥ പറഞ്ഞു പോകുമ്പോൾ ആഖ്യാനവും അനുഭവങ്ങളും തമ്മിലുള്ള ദൂരം കുറഞ്ഞു കുറഞ്ഞു വരണമെന്ന് നിരൂപകർ പറയുന്നു. ഇവിടെ ദൂരം കുറയുന്നില്ല. അതുകൊണ്ടു സ്വന്തം കുഞ്ഞിനെ അമ്മയുടെ കൈയിൽ ഏല്പിച്ചിട്ട് അപ്രത്യക്ഷയാകുന്ന ആ യുവതിയെ സഹതാപത്തോടെ നോക്കുന്നില്ല സഹൃദയൻ. ‘നീ അച്ഛനമ്മമാരെ അപമാനിച്ചവളല്ലേ, പോടി പോ’ എന്നാണ് ഓരോ വായനക്കാരന്റെയും തോന്നൽ. കഥയുടെ പര്യവസാനത്തിൽ ട്വിസ്റ്റോ ഷോക്കോ ഉണ്ടാക്കിയാൽ കലയാവുകയില്ല. സതീഷ് ബാബു പയ്യന്നൂർ ഇതു മനസ്സിലാക്കിയെങ്കിൽ!

അധഃപതനം

ഇങ്ങോട്ട് ആക്രമിക്കുന്നവർ ഭീരുക്കളായിരിക്കും. അങ്ങോട്ട് ആ രീതിയിൽ വേണ്ട; ചെറുതായി ഒന്നു കൊടുത്താൽ മതി മൗനം.

തിരുവനന്തപുരത്ത് വഞ്ചിയൂർ എന്ന സ്ഥലത്താണ് കോടതികൾ പ്രവർത്തിക്കുന്ന കെട്ടിടം. അത് ഒരുകാലത്ത് ശ്രീമൂലവിലാസം ഹൈസ്കൂളായിരുന്നു. സ്കൂൾ കെട്ടിടം നിർമ്മിക്കാൻ അന്നത്തെ സർക്കാർ തീരുമാനിച്ചപ്പോൾ ആളുകൾക്ക് വലിയ സന്തോഷമായി. വയലായിരുന്നു കെട്ടിട നിർമ്മാണത്തിനു തിരഞ്ഞെടുത്ത സ്ഥലം. നിർമ്മിതി തുടങ്ങി. അപ്പോൾ ചീഫ് എഞ്ചിനീയർ ഒരു ദിവസം ദിവാനോടു പറഞ്ഞു. സ്ഥലം വയലായതുകൊണ്ട് കെട്ടിടം ഉറയ്ക്കുകയില്ലെന്ന്. ദിവാൻ അതുകേട്ട് കല്പിച്ചു “അവിടെത്തന്നെ പ്ലാൻ അനുസരിച്ചുള്ള കെട്ടിടം നിർമ്മിക്കണം. അതു മൂന്നു മാസത്തിനകം തീർന്നിരിക്കുകയും വേണം.” ചീഫ് എഞ്ചിനീയർ ആ കല്പന കേട്ടു പേടിച്ചിരിക്കണം. കെട്ടിടം തീർന്നു. ഇന്ന് അത് തിരുവനന്തപുരത്തെ നല്ല കെട്ടിടങ്ങളിൽ ഒന്നാണ്. സർക്കാരുദ്യോഗസ്ഥനായ പിതാവിനു സ്ഥലം മാറ്റം വന്നപ്പോൾ വടക്കൻ തിരുവിതാംകൂറിൽ പഠിച്ചിരുന്ന ഞാൻ ശ്രീമൂലവിലാസം ഇംഗ്ലീഷ് ഹൈസ്കൂളിലേയ്ക്കു ട്രാൻസ്ഫർ സേർട്ടിഫിക്കറ്റ് വാങ്ങി ഇവിടെ വന്നു ചേരാൻ ശ്രമിച്ചു. ഹെഡ്മാസ്റ്റർ രാമൻ നമ്പീശൻ എന്ന മഹാവ്യക്തി. അദ്ദേഹം അച്ഛനോടു പറഞ്ഞു: “നിങ്ങളുടെ മകനെ ഇവിടെ ചേർക്കാൻ ഒക്കുകില്ല. നാലു ഡിവിഷനിലും ഒഴിവില്ല. അതുകൊണ്ട് ചാല ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർക്കണമെന്ന് ഞാൻ ടി.സി.യിൽ എഴുതിത്തരാം”. ഞാനതു കേട്ടു കണ്ണീരൊഴുക്കി. മനോഹരമായ ആ കെട്ടിടത്തിൽ ഇരുന്നു പഠിക്കാനായിരുന്നു എന്റെ ആഗ്രഹം. എന്റെ കണ്ണീരു കണ്ട് നമ്പീശൻ സാറ് ചോദിച്ചു “എന്തെടാ ഇവിടത്തെ കണ്ണാടി ജന്നലുകളും മറ്റും നിനക്കു വീട്ടിൽ കൊണ്ടുവയ്ക്കണോ. എവിടെയെങ്കിലും പഠിച്ചാൽപ്പോരേ?” ഗത്യന്തരമില്ലാതെ ഞാൻ ചാലയിലെ വിദ്യാലയത്തിൽ ചേർന്നു. നമ്പീശൻ സാറിന്റെ അഭിപ്രായം ശരിയല്ലെന്ന് അന്നേ എനിക്കു തോന്നി. ഓലമേഞ്ഞ ഷെഡ്ഡിൽ കാലു പോയ ബെഞ്ചിലിരുന്നു പഠിച്ചാൽ ആ വിദ്യാഭ്യാസം ശരിയാവുകയില്ല. കണ്ണാടിയിട്ട ജന്നലുകളും കണ്ണാടിയിട്ട വാതിലുകളും ഉള്ള സൗധസദൃശമായ വിദ്യാലയത്തിൽ ഇരുന്നു പഠിച്ചാൽ ഫസ്റ്റ് ക്ലാസ് കിട്ടും. ഷെഡ്ഡിലാണ് ഇരുന്നു പഠിക്കുന്നതെങ്കിൽ വിദ്യാർത്ഥി തോറ്റു പോകും പരീക്ഷയിൽ.

ഇതു രചനകളുടെ പ്രസിദ്ധീകരണത്തിലും ശരിയാണ്. ഒ.വി. വിജയന്റെ കഥ പൈങ്കിളി വാരികയിലാണ് വരുന്നതെങ്കിൽ ആ കഥയുടെ ഉത്കൃഷ്ടത നശിച്ചുപോകും. പേരുകേട്ട ജേണലിൽ പൈങ്കിളിക്കഥ അച്ചടിച്ചു വന്നാൽ ആ ജേണലിന്റെ ഉത്കൃഷ്ടസ്വഭാവത്തിന് ന്യൂനത വരും. തുടങ്ങിയ കാലം തൊട്ടു The Little Magazine എന്ന മാസികയ്ക്കു പ്രചാരമുണ്ട്. അത് നല്ല പ്രസാധനമാണെന്ന് കരുതപ്പെടുന്നു. അതിന്റെ മേന്മയെ ഇല്ലാതാക്കുന്നു സുലേഖ സന്യാലിന്റെ ‘The Sunnysis of Sundarpur’ എന്ന ചെറുകഥ. ബംഗാളി ചെറുകഥയുടെ ഇംഗ്ലീഷ് തർജ്ജമയാണത്. All Political stories are proverbially bad stories എന്ന ചൊല്ലിനെ സാർത്ഥകമാക്കുന്നു ഈ രചന. സർക്കാരിനോട് എതിർത്ത് ഒരുത്തൻ ജയിലിൽ പോകുന്നു. കാലം കഴിഞ്ഞ് അയാൾ സ്വന്തം വീട്ടിൽ തിരിച്ചെത്തുന്നു. അയാളുടെ ഭാര്യക്കു അമിതമായ ആഹ്ലാദം. അവരും ആ പ്രദേശത്തു വസിക്കുന്നവരും കുടിവെള്ളം പോലും കിട്ടാതെ കഷ്ടപ്പെടുകയാണ്. മന്ത്രി ആ സ്ഥലം കാണാൻ എത്തുന്നു. മന്ത്രിയെ എതിർത്തവരുടെ കൂട്ടത്തിൽ അയാളുമുണ്ട്. മറ്റു പലരുടെയും കൂട്ടത്തിൽ അയാളെയും അറസ്റ്റ് ചെയ്തു വാനിൽ കയറ്റിക്കൊണ്ടു പോകുന്നു പൊലീസ്. അതുകണ്ടു ഭാര്യ നിലവിളിച്ചു കൊണ്ടു മണ്ണിൽ കിടന്നുരുളുന്നു. ഈ പഴഞ്ചൻ വിഷയം പ്രതിപാദിക്കുന്ന, എട്ടടിച്ചേരയ്ക്കൊപ്പം ദീർഘതയുള്ള കഥ പ്രസിദ്ധീകരിച്ചല്ലോ ഒരു നല്ല ജേണലിൽ. അന്തസ്സകെട്ട പ്രവൃത്തിയെന്നല്ലാതെ എന്തു പറയാൻ? ചിലർ ലക്ഷക്കണക്കിനു പണം ചെലവാക്കി അതിസുന്ദരമായ സൗധം വച്ചുതീരുമ്പോൾ ഒന്നുകിൽ ഭിത്തിയിൽ വിടവ്. അല്ലെങ്കിൽ അസ്തിവാരം തകർന്നു സൗധം താഴോട്ടു പോരും. അങ്ങനെ ചരിഞ്ഞ സൗധം വളരെ വർഷങ്ങൾ നില്ലും. വിടവോടു കൂടി, ചരിഞ്ഞ ഈ മാസിക നില്ക്കുന്നതു ഞാൻ കാണുന്നു.

അവനാണ് ധീരൻ

1. സാഹിത്യകാരന്റെ വീട്ടിലേയ്ക്കു കയറാൻ പടികളുണ്ട്. ആ പടികൾ കയറിക്കൊണ്ടിരിക്കുമ്പോൾ എൻ.വി. കൃഷ്ണവാരിയർ ചോദിച്ചു. “എത്ര പടികളുണ്ട്?” സാഹിത്യകാരൻ മറുപടി നല്കി. എൻ.വി. കൃഷ്ണവാരിയർ വീണ്ടും ചോദിച്ചു. “എന്തേ പതിനെട്ടു പടികളാക്കാത്തതു?” ആധ്യാത്മികത്വത്തെ സൂചിപ്പിച്ചുകൊണ്ടുള്ള ആ ചോദ്യം എന്നെ രസിപ്പിച്ചു പിന്നീട് ഞാൻ ആ സംഭവം ഈ കോളത്തിൽത്തന്നെ എഴുതി. വെറുതെ എഴുതിയാൽ പോരല്ലോ. ചില പൊടിപ്പും തൊങ്ങലുമൊക്കെ വേണ്ടേ? അതിനുവേണ്ടി സാഹിത്യകാരന്റെ വീട്ടിലേയ്ക്കുള്ള വഴി വർണ്ണിച്ചു. അദ്ദേഹത്തിന്റെ ഭവനത്തെ ശബരിമല ക്ഷേത്രമായി സങ്കല്പിച്ച് കൃഷ്ണവാരിയർ ചോദിച്ചതിനെ മനസ്സിൽ വച്ച് ഭവനത്തിലേയ്ക്കുള്ള വഴിയുടെ രണ്ടു വശങ്ങളിലും നില്ക്കുന്ന വൃക്ഷസമൂഹത്തെ കാട്ടിലെ വൃക്ഷങ്ങളായിക്കരുതി കാനന പ്രതീതിയുണ്ടായി എനിക്കെന്നും എഴുതി. പ്രത്യക്ഷമായും പരോക്ഷമായുമുള്ള സ്തുതിവചനങ്ങളായിരുന്നു അത്. ഇതിനുശേഷം ഒരാഴ്ചയായില്ല. അതിനുമുൻപ് എനിക്കൊരു നോട്ടീസ്. സാഹിത്യകാരന്റെ ഭവനം കാനനത്തിലാണെന്ന് ഞാൻ എഴുതിയതുകൊണ്ട് അദ്ദേഹത്തിന്റെ മകളെ വിവാഹം കഴിക്കാൻ സന്നദ്ധനായ ഒരാൾ വിവാഹം വേണ്ടെന്നു വച്ചെന്നും അതിന്റെ ഫലമായി മകളുടെ ഭാവി തകർന്നെന്നും നഷ്ടപരിഹാരമായി എത്രയോ ലക്ഷം രൂപ ഞാൻ കൊടുക്കണമെന്നും കാണിച്ചായിരുന്നു നോട്ടീസ്. കെയ്സ് കൊടുത്താൽ എനിക്കു കോടതിച്ചെലവ് സാഹിത്യകാരൻ തരേണ്ടതായി വരുമെന്ന് എനിക്കറിയാമായിരുന്നു. എങ്കിലും കോടതിയിൽ കയറിയിറങ്ങുന്ന പ്രയാസവും മറ്റും കരുതി ഞാൻ ഡി. സി. കിഴക്കേമുറിയോട് ഇക്കാര്യം പറഞ്ഞു. അദ്ദേഹം സാഹിത്യകാരനോടു പറഞ്ഞതുകൊണ്ടാവണം പിന്നീട് ഒരാക്ഷനും ആ നോട്ടീസിന്റെ പേരിൽ ഉണ്ടായില്ല.



വിൽ ഡ്യൂറന്റ്

2. കൊട്ടാരക്കരയ്ക്കടുത്തുള്ള ഒരു സ്ഥലത്തു മീറ്റിങ്. കേശവദേവ് അധ്യക്ഷൻ. പാലാ നാരായണൻ നായരും ഞാനും പ്രഭാഷകർ. പാലാ നാരായണൻ നായർ പറഞ്ഞതെന്തോ കേശവദേവിന് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം ഉപസംഹാര പ്രഭാഷണത്തിൽ പാലാ നാരായണൻ നായരെ അതിരു കടന്നു ഭർത്സിച്ചു. ഞാനായിരുന്നു പാലായുടെ സ്ഥാനത്തെങ്കിൽ മൈക്ക് പിടിച്ചു വാങ്ങിച്ചു ദേവിനെ സഭ്യേതരമായി ആക്രമിക്കുമായിരുന്നു പദങ്ങൾകൊണ്ട്. പാലാ നാരായണൻ നായർ പാവം; മാന്യൻ. അദ്ദേഹം കേശവദേവിന്റെ തെറിവാക്കുകൾ കേട്ടു പുളഞ്ഞു. കവി ഒരു കടലാസ് കഷണം എടുത്തു ‘തേജോവധം ചെയ്യരുത്’ എന്നെഴുതി പ്രസംഗം തകർക്കുന്ന ദേവിന്റെ കൈയിൽ കൊടുത്തു. അദ്ദേഹം ആക്രമണം നിറുത്തി. പാലാ നാരായണൻ നായർ ചെയ്തതു ശരിയായില്ല. ഇടയ്ക്കു കയറി അദ്ദേഹം മറുപടി പറയേണ്ടതായിരുന്നു. തെറിവാക്കുകളുടെ ഉടമസ്ഥത കേശവദേവിനു മാത്രമല്ലല്ലോ ഉള്ളത്. ചിലർ അങ്ങനെയാണ്. ‘എനിക്കെന്തും അന്യരെ പറയാം’ എന്ന് വിചാരം. ഇക്കൂട്ടരെ വെറുതേ വിടുന്നതു ശരിയല്ല. തെറിക്കുത്തരം മേൽത്തരം പത്തലാണ്. അതു വേണ്ട സമയത്ത് എടുക്കണം. അടി കൊടുക്കണം. ഒരിക്കലതു കിട്ടിയാൽ പിന്നെ മിണ്ടുകില്ല. ഇങ്ങോട്ട് ആക്രമിക്കുന്നവർ ഭീരുക്കളായിരിക്കും. അങ്ങോട്ട് ആ രീതിയിൽ വേണ്ട; ചെറുതായി ഒന്നു കൊടുത്താൽ മതി. മൗനം അവലംബിച്ചു കൊള്ളും. സാഹിത്യകാരന്മാർക്ക് അല്പത്വം കൂടുതലാണ്. ‘ചിത്തം ചലിപ്പതിനു ഹേതു മുതിർന്നു നില്ക്കെ നെഞ്ചിൽ കുലുക്കമെവനില്ലവനാണ് ധീരൻ’ എന്ന് ഒരു തുണ്ടു കടലാസ്സിൽ എഴുതി പോക്കറ്റിൽ ഇട്ടുകൊള്ളണം സാഹിത്യകാരൻ. കൂടക്കൂടെ അതു എടുത്തു വായിക്കണം. ആ തത്ത്വമനുസരിച്ചു ജീവിക്കുകയും വേണം.

കടപ്പുറത്തെ പഞ്ചാരമണലിലൂടെ നടക്കുന്ന സുന്ദരിയുടെ കാല്പാടുപോലെ, സന്ധ്യകഴിഞ്ഞ് തെങ്ങോലത്തുമ്പിൽ തൂങ്ങിനില്ക്കുന്ന ഒറ്റ നക്ഷത്രംപോലെ, പ്രഭാതത്തിൽ ജാലകപ്പഴുതിലൂടെ കടന്നുവരുന്ന സൂര്യരശ്മിയെപ്പോലെ എന്നെ ആഹ്ലാദിപ്പിക്കുന്നു.

> “നിന്മണിമച്ചിൽനിത്യം നിശയിൽ
> നിന്നിടും സ്വർണ്ണദീപനാളത്തിൽ
> ചെന്നണഞ്ഞു ചേർന്നെന്നനലാംശം
> മിന്നിമിന്നിജ്ജ്വലിച്ചിരുന്നെങ്കിൽ”

എന്ന വരികൾ.

☐

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്‌ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBRARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014